"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - സംസ്ഥാന കർഷക അവാർഡ് 2025 -സംസ്ഥാന കർഷക അവാർഡ് നിർണ്ണയത്തിന് ജില്ലാതല അവാർഡ് കമ്മിറ്റി, സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റി എന്നിവ രൂപീകരിച്ചും അവാർഡ് മാനദണ്ഡങ്ങൾ അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.644/2026/AGRI തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 04/07/2026 തീയതിയിലെ ADFW/6916/2026-TV1 നമ്പർ കത്ത്

**ഉത്തരവ്**

കേരളത്തിലെ കർഷകരെയും കാർഷിക വികസനത്തിനായി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരെയും അംഗീകരിക്കുന്നതിനും ആദരിക്കുന്നതിനും കാർഷിക മേഖലയിലെ അവരുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനുമായി സംസ്ഥാന സർക്കാർ കർഷക അവാർഡുകൾ എല്ലാ വർഷവും നൽകി വരുന്നു. 2025- ലെ സംസ്ഥാന കർഷക അവാർഡ് നിർണ്ണയത്തിന് ജില്ലാതല അവാർഡ് കമ്മിറ്റി, സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റി എന്നിവ രൂപീകരിക്കുന്നതിനും അവാർഡ് മാനദണ്ഡങ്ങൾ അംഗീകരിക്കുന്നതിനായും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന കർഷക അവാർഡ് നിർണ്ണയത്തിന് ചുവടെ ചേർത്തിരിക്കും പ്രകാരം ജില്ലാതല അവാർഡ് കമ്മിറ്റിയും സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റിയും രൂപീകരിച്ചും അവാർഡ് മാനദണ്ഡങ്ങൾ അംഗീകരിച്ചു കൊണ്ടും ഉത്തരവാകുന്നു.

**I) നടപ്പിലാക്കൽരീതി**

കർഷക അവാർഡിനുള്ള അപേക്ഷകൾ കൃഷിഭവനുകൾ മുഖേന ക്ഷണിക്കപ്പെടും. കൃഷിഭവനുകൾ അവാർഡ് പ്രക്രിയയുടെ മുഖ്യ ചുമതലയുള്ള കേന്ദ്രങ്ങളായി പ്രവർത്തിക്കും. കർഷകർക്ക് അവരുടെ അപേക്ഷകൾ പരിഗണിക്കുന്നതിനായി നേരിട്ട് കൃഷിഭവനിൽ സമർപ്പിക്കാൻ കഴിയും. പൂരിപ്പിച്ച ഫോറങ്ങൾ, ആവശ്യമായ രേഖകൾ, കാർഷിക പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ എന്നിവ ഉൾക്കൊള്ളുന്നവയായിരിക്കണം ഈ അപേക്ഷകൾ. കൃഷി ഓഫീസർക്കും കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കും അവരുടെ പരിചയസമ്പത്തും ഫീൽഡ് നിരീക്ഷണങ്ങളും അടിസ്ഥാനമാക്കി അർഹരായ കർഷകരെ ശുപാർശ ചെയ്യാനും അവാർഡിന് നാമനിർദ്ദേശം ചെയ്യാനും കഴിയും. അപേക്ഷ നൽകാത്ത

മികച്ച കർഷകർ ഉണ്ടെങ്കിൽ കൃഷി ഓഫീസർമാർക്ക അത്തരം കർഷകരെ നാമനിർദേശം ചെയ്യുവാൻ സാധിക്കും.

**II) വിലയിരുത്തൽ ഘടകങ്ങൾ**

കർഷകൻ ഉത്പാദിപ്പിച്ച വിളയുടെ ഗുണനിലവാരവും വിളയുടെ വളർച്ചയുടെ പുരോഗതിയും വിലയിരുത്തപ്പെടും. കൂടാതെ കർഷകൻ നടപ്പിലാക്കുന്ന നൂതന കാർഷിക സാങ്കേതികവിദ്യകളും പരിസ്ഥിതി സൗഹൃദ സമീപനങ്ങളും പരിഗണിക്കപ്പെടും. ജൈവ കൃഷി, ഡ്രിപ്പ് ഇറിഗേഷൻ, നാച്ചുറൽ ഫാർമിംഗ്, പ്രിസിഷൻ ഫാർമിംഗ്, ഐ.എൻ.എം (Integrated Nutrient Management), ഐ. പി.എം. (Integrated Pest Management), വിളവെടുപ്പാനന്തര ഉൽപ്പന്നം കൈകാര്യം ചെയ്യുന്ന രീതികൾ, ഉത്പന്നങ്ങൾ വിൽക്കുവാൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ, മൂല്യവർദ്ധിത പ്രവർത്തനങ്ങൾ, ചിലവുകൾ കുറച്ച് കൂടുതൽ വിളവ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങിയവ വിലയിരുത്തുന്നതാണ്. കർഷകന്റെ സാമ്പത്തിക ഫലപ്രാപ്തിയും നിക്ഷേപ കാര്യക്ഷമതയും ഒപ്പം വിലയിരുത്തപ്പെടും. അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ പ്രവർത്തന മികവ് മുൻകാല പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ആയിരിക്കും.

**III) ഫീൽഡ് പരിശോധനകൾ**

ഫീൽഡ് പരിശോധനകൾ അവാർഡ് തെരഞ്ഞെടുപ്പ് പ്രക്രിയയുടെ വിശ്വാസ്യതയും സുതാര്യതയും ഉറപ്പാക്കുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. കൃഷി ഭവനുകളിൽ അവാർഡിനുള്ള അപേക്ഷകൾ ലഭിക്കുമ്പോൾ കൃഷി ഓഫീസർ, കൃഷി ഭവൻ ഉദ്യോഗസ്ഥരോടൊപ്പം കർഷകന്റെ കൃഷി സ്ഥലവും കൃഷി രീതികളും പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തി വേണം കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിക്കുവാൻ. കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ കൃഷി ഭവനുകളിൽ നിന്നും ലഭിച്ച അപേക്ഷകൾ, കൃഷിയിടങ്ങൾ പരിശോധിച്ച് വിലയിരുത്തിയ ശേഷം ഓരോ അവാർഡിനും മികച്ച ഓരോ കർഷകനെ ജില്ലാതലത്തിലേക്ക ശുപാർശ ചെയ്യേണ്ടതാണ്. ബ്ലോക്കിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ ജില്ലാതല കമ്മിറ്റി പരിശോധന നടത്തി മികച്ച അവാർഡ് നാമനിർദേശങ്ങൾ കൃഷി ഡയറക്ടർക്കു സമർപ്പിക്കേണ്ടതും ആയത് സംസ്ഥാനതലത്തിൽ ചുമതലപ്പെടുത്തിയ അവാർഡ് നിർണ്ണയ ടീം പരിശോധിക്കുന്നതുമാണ്. ഫീൽഡ് സന്ദർശനങ്ങൾ സമയബന്ധിതമായി നടത്തേണ്ടതും ഇത്തരം സന്ദർശനങ്ങൾ ഡോക്യുമെന്റ് ചെയ്യേണ്ടതുമാണ്. ഫീൽഡ് പരിശോധനകൾക്ക് ആവശ്യമായ ഗതാഗത ക്രമീകരണങ്ങൾ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

**IV) അവാർഡ് തിരഞ്ഞെടുപ്പ് പ്രക്രിയ**

കൃഷി ഓഫീസറുടെ പ്രാഥമിക പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടിക, കൃഷി അസിസ്റ്റൻറ് ഡയറക്ടർ സൂക്ഷ്മമായി പരിശോധിച്ച് കൃഷിയിടം സന്ദർശിച്ച് അവാർഡിന് പരിഗണിക്കാൻ യോഗ്യതയുള്ളതായി കണ്ടാൽ ജില്ലാതല സമിതിയുടെ പരിഗണനയ്ക്കായി നാമനിർദ്ദേശം സമർപ്പിക്കാം. ജില്ലാതല സമിതിയും, ബ്ലോക്ക് തലങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകൾ വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിലേക്ക് ഓരോ വിഭാഗത്തിലും ഒരു നോമിനേഷൻ വീതം സമർപ്പിക്കേണ്ടതാണ്. ജില്ലാ തലത്തിലുള്ള അവാർഡ് നോമിനേഷൻ പട്ടിക കൃഷി ഡയറക്ടറേറ്റിൽ നിശ്ചിത തീയതിക്കുള്ളിൽ എത്തിക്കേണ്ടത് കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T) യുടെ ഉത്തരവാദിത്തമാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്ത നോമിനേഷൻ സംസ്ഥാനതല പരിശോധനാ ടീം

പരിഗണിക്കുന്നതല്ല.

**V) അവാർഡ് ദാന ചടങ്ങ്**

അവാർഡിനായി തിരഞ്ഞെടുക്കപ്പെട്ട കർഷകർ, കർ ഷകദിനത്തിൽ (ചിങ്ങം 1) സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന പൊതുചടങ്ങിൽ വച്ച് ആദരിക്കപ്പെടും. ഈ ചടങ്ങിൽ കർഷകർക്ക് അവരുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിക്കുന്ന വഴി അവരുൾപ്പെടുന്ന കർഷക സമൂഹത്തിന് പ്രചോദനം നൽകുകയും ചെയ്യുന്നു.

**VI) ധനവിനിയോഗം**

2026-27 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഈ ഘടകത്തിന് 75.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്. ഈ തുക വിവിധ അവാർഡുകൾ നൽകുന്നതിനും അവാർഡ് നിർണ്ണയ പ്രക്രിയയും അതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും ഉപയോഗിക്കാവുന്നതാണ്.

(3) 2025 ലെ സംസ്ഥാന അവാർഡിനായി അപേക്ഷകൾ സമർപ്പിക്കുമ്പോൾ താഴെ പറയുന്ന സമയക്രമം കർശനമായി പാലിക്കേണ്ടതാണ്.

1 . അവാർഡിനുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷ കൃഷിഭവനിൽ ലഭിച്ചു എന്ന് ഉറപ്പുവരുത്തുക.

2. കൃഷി ഭവനിൽ അപേക്ഷ ലഭിക്കേണ്ട അവസാന തീയതി -10.07.2026

3. ജില്ലാതല സമിതി മുൻപാകെ അപേക്ഷ ലഭിക്കേണ്ട അവസാന തീയതി14.07.2026

4. ജില്ലാതല സമിതിയുടെ വിശദമായ പരിശോധന - 15.07.2026 മുതൽ 18.07.2026

5. ജില്ലയുടെ അവാർഡ് നോമിനേഷൻ പട്ടികയും വിശദമായ അപേക്ഷ സഹിതമുള്ള രേഖകൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ എത്തിക്കേണ്ട അവസാന തീയതി - 20.07.2026

6 . ഓരോ വിഭാഗത്തിനും ചുമതലപ്പെടുത്തിയ സംസ്ഥാനതല അവാർഡ് ടീം ഫീൽഡ് സന്ദർശനം -21/07/2026 മുതൽ 30/07/2026

7 . പരിശോധന പൂർത്തിയാക്കിയ സംസ്ഥാനതല ടീം സംസ്ഥാനതല പാനലിന്റെ മുൻപാകെ അവതരണം - 03.08.2026

8. സംസ്ഥാനതല അവാർഡ് പ്രഖ്യാപനം-07.08.2026

9. അവാർഡ് ദാന ചടങ്ങ്-17.08.2026

(4) **ജില്ലാതല അവാർഡ് കമ്മിറ്റി**

എല്ലാ അവാർഡുകളുടെയും ഫീൽഡ്തല പരിശോധനയ്ക്ക് വേണ്ടി ജില്ലാതലത്തിൽ ഒരു അവാർഡ് കമ്മിറ്റി രൂപീകരിക്കുന്നതാണ്. കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

ചെയർമാൻ- പ്രിൻസിപ്പൽ കൃഷി ഓഫീസർ

കോ ചെയർമാൻ: പ്രോജക്ട് ഡയറക്ടർ, ആത്മ

കൺവീനർ - കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&റ്റി)

**അംഗങ്ങൾ**

മൃഗസംരക്ഷണ വകുപ്പ് പ്രതിനിധി

ക്ഷീര വികസന വകുപ്പ് പ്രതിനിധി

കേരള കാർഷിക സർവ്വകലാശാല | കെ.വി. കെ. പ്രതിനിധി | ഐസിഎആർ സ്ഥാപന പ്രതിനിധി

വി എഫ് പി സി കെ പ്രതിനിധി

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രതിനിധി

സഹകരണ വകുപ്പ് പ്രതിനിധി

സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രതിനിധി

കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ

അതാത് ജില്ലകളിലെ ഫാംസ്, ബ്ലോക്ക്, മാർക്കറ്റിംഗ് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ

ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ

(5)**സംസ്ഥാനതല പരിശോധന ടീം**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ രൂപീകരിക്കുന്ന കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരും ഗവേഷണ സ്ഥാപനങ്ങളിലെ പ്രതിനിധിയും ഉൾപ്പെടെ പരമാവധി നാല് അംഗങ്ങളുള്ള ടീം. ഒരു ടീം പരമാവധി മൂന്ന് വിഭാഗങ്ങൾക്കുള്ള നോമിനേഷനുകൾ മാത്രമേ പരിശോധിക്കാൻ പാടുള്ളൂ. ഓരോ വിഭാഗത്തിലെയും അപേക്ഷകളുടെ/ നോമിനേഷനുകളുടെ എണ്ണമനുസരിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ടീമുകളുടെ എണ്ണം നിശ്ചയിക്കേണ്ടതാണ്.

**സംസ്ഥാനതല പരിശോധന ടീമുകളുടെ പരിശോധന റിപ്പോർട്ടുകൾ അവതരണം നടത്തുന്നതിനായി വിദഗ്ധ പാനൽ**

ചെയർമാൻ - കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ

കൺവീനർ - കൃഷി അഡീഷണൽ ഡയറക്ടർ (Extension)

**അംഗങ്ങൾ**

1. ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ, എക്സ്റ്റൻഷൻ കമ്മ്യൂണിക്കേഷൻ സെന്റർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
2. ചീഫ് അഗ്രിക്കൾച്ചർ ഓഫീസർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. മിഷൻ ഡയറക്ടർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ
4. ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് / പ്രതിനിധി
5. ഡയറക്ടർ, സി.ടി.സി.ആർ.ഐ, ശ്രീകാര്യം, തിരുവനന്തപുരം/ പ്രതിനിധി
6. ഡയറക്ടർ, സി.പി.സി.ആർ.ഐ, കാസറഗോഡ് / പ്രതിനിധി
7. ഡയറക്ടർ, കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം / പ്രതിനിധി
8. ഡീൻ, കാർഷിക കോളേജ്, വെള്ളായണി, തിരുവനന്തപുരം
9. ഡയറക്ടർ, സമേതി
10. മാനേജിംഗ് ഡയറക്ടർ, SFAC
11. സ്റ്റേറ്റ് അഗ്രിക്കൾച്ചർ എഞ്ചിനീയർ, കൃഷി ഡയറക്ടറേറ്റ്
12. കൃഷി അഡീഷണൽ ഡയറക്ടർ (Planning)
13. കൃഷി അഡീഷണൽ ഡയറക്ടർ (Farms & Biogas)
14. കൃഷി അഡീഷണൽ ഡയറക്ടർ (Crop production)
15. കൃഷി അഡീഷണൽ ഡയറക്ടർ (Marketing)

(6)**സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റി**

സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റിയുടെ ഘടന താഴെപറയും പ്രകാരമാണ്

ചെയർമാൻ - കാർഷികോത്പാദന കമ്മിഷണർ

കൺവീനർ - കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ

**അംഗങ്ങൾ**

1. ഡയറക്ടർ ഓഫ് റിസർച്ച് കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര, തൃശ്ശൂർ

2 . ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ, എക്സ്റ്റൻഷൻ കമ്മ്യൂണിക്കേഷൻ സെന്റർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ.

3. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കാർഷിക വിദഗ്ധൻ

4. ചീഫ് അഗ്രിക്കൾച്ചർ ഓഫീസർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

5. ഡീൻ, കാർഷിക കോളേജ്, വെള്ളായണി, തിരുവനന്തപുരം

6. കൃഷി അഡീഷണൽ ഡയറക്ടർ (Extension), കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്

7. കൃഷി അഡീഷണൽ ഡയറക്ടർ (Planning), കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് , ഡയറക്ടറേറ്റ്

8. ഡയറക്ടർ, PPM cell

9. ഡയറക്ടർ, സമേതി

10. സ്റ്റേറ്റ് അഗ്രിക്കൾച്ചർ എഞ്ചിനീയർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്

11. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വി എഫ് പി സി കെ

12. മുൻവർഷത്തെ രണ്ട് സംസ്ഥാന കർഷക അവാർഡ് ജേതാക്കൾ

13. കാർഷിക പത്രപ്രവർത്തകൻ (നിർബന്ധമായി മുൻ സംസ്ഥാന അവാർഡ് ജേതാവ് ആയിരിക്കണം)

(7) **സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി**

അവാർഡിന്റെ പ്രവർത്തങ്ങൾ സുഗമമായി നടപ്പിലാക്കുന്നത് ഉറപ്പ് വരുത്തുന്നതിന് സംസ്ഥാന തല മോണിറ്ററിങ് സെൽ രൂപീകരിക്കുന്നതാണ്. കൃഷി അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ) ചെയർമാൻ/ ചെയർപേഴ്സൺ ആയിട്ടുള്ള കമ്മിറ്റിയിൽ കൃഷി ജോയിന്റ് ഡയറക്ടർ (എ.ആർ & റ്റി), കൃഷി ജോയിന്റ് ഡയറക്ടർ (V.C), കൃഷി ഡെപ്യൂട്ടി ഡയറക്ടർ, മാർക്കറ്റിങ്, കൃഷി ഡെപ്യൂട്ടി ഡയറക്ടർ, IT സെൽ എന്നിവർ അംഗങ്ങൾ ആയിരിക്കും.

(8) 2025 ലെ അവാർഡിനായി അപേക്ഷകൾ സമർപ്പിക്കുമ്പോൾ താഴെ പറയുന്ന നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

- ഓരോ വിഭാഗത്തിലും മത്സരിക്കുന്നവർ നിശ്ചിത ഫാറത്തിൽ നിശ്ചിത തീയതിക്കു മുമ്പ് അപേക്ഷ നല്കേണ്ടതാണ്. വിശദ വിവരങ്ങൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റിൽ ലഭ്യമാണ് (**www.karshikakeralam.gov.in**).
- നാമനിർദ്ദേശം ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പത്രങ്ങളിൽ പരസ്യം ചെയ്യുകയും ജില്ലാതല പഞ്ചായത്തുതല കാർഷിക വികസന സമിതികളിൽ ചർച്ച ചെയ്യേണ്ടതുമാണ്. കേരളത്തിൽ സ്ഥിരതാമസക്കാരായ പൗരന്മാരാണ് അവാർഡിന് നോമിനേഷൻ സമർപ്പിക്കുന്നതിന് യോഗ്യരായിട്ടുള്ളത്.

- കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ സംസ്ഥാനതല അവാർഡ് ജേതാക്കളെ 2025 വർഷത്തെ അവാർഡിന് പരിഗണിക്കുന്നതല്ല.
- പ്രോജക്ട് അധിഷ്ഠിത പച്ചക്കറി കൃഷി ചെയ്യുന്ന പൊതു/ സ്വകാര്യ സ്ഥാപനങ്ങൾക്ക് അവാർഡിന് അപേക്ഷിക്കാവുന്നതാണ്.
- അവാർഡ് പ്രചാരണ നോട്ടീസുകൾ, കൃഷി ഭവനുകൾ, പഞ്ചായത്ത് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവിടങ്ങളിലെ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും വേണ്ടത്ര പ്രചാരണം നൽകേണ്ടതുമാണ്.
- ജില്ലാതലത്തിൽ ലഭ്യമാകുന്ന അപേക്ഷകളിൽ ആവശ്യമായ പരിശോധനകൾ നടത്തി ഓരോ വിഭാഗത്തിലും ഏറ്റവും മികച്ച ഒരു നോമിനേഷൻ മാത്രമേ സംസ്ഥാനതല കമ്മിറ്റിയ്ക്ക് നൽകാവൂ.
- അവാർഡ് അപേക്ഷയോടൊപ്പം കൃഷിയിടത്തിന്റെ ഫോട്ടോകൾ, കൃഷിയുടെ വിവിധ ഘട്ടങ്ങൾ ചിത്രീകരിച്ച ഡിജിറ്റൽ ഡാറ്റ, മാധ്യമങ്ങളിൽ വന്ന വാർത്തകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഉൾപ്പെടുത്താവുന്നതാണ്.
- അപേക്ഷകന്റെ പൂർണ്ണമായ പേര്, പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ് (തിരിച്ചറിയൽ രേഖ, നാഷണലൈസ്ഡ് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെട്ട രേഖകൾ ജില്ലകൾ ഒത്തുനോക്കിവേണം സമർപ്പിക്കാൻ)
- ജില്ലകളിൽ നിന്നും ശുപാർശ ചെയ്യുന്ന അപേക്ഷകളിൽ അപേക്ഷകന്റെ ഫോട്ടോയുടെ 3 കോപ്പി കൂടി ഉൾപ്പെടുത്തേണ്ടതാണ്.
- ജില്ലാതല അവാർഡ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി അവാർഡ് നോമിനേഷൻ പട്ടികയും, വിശദമായ അപേക്ഷ സഹിതമുള്ള രേഖകൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് 20.07.2026 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.
- കർഷക ഭാരതി അവാർഡിനുള്ള അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ എഫ്.ഐ.ബി യ്ക്ക് 14.07.2026 മുമ്പ് ലഭിക്കത്തക്ക വിധം അയച്ചുകൊടുക്കേണ്ടതാണ്
- എം.എസ് സ്വാമിനാഥൻ അവാർഡിനുള്ള (കാർഷിക ഗവേഷണത്തിന്) എല്ലാ അപേക്ഷയും 13.07.2026-മുമ്പായി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ 20.07.2026-ന് മുമ്പായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
- ഏറ്റവും നല്ല യുവ കർഷകൻ/ യുവ കർഷകയ്ക്കുള്ള അപേക്ഷ 18-40 നും മദ്ധ്യേ പ്രായമുള്ളവരിൽ നിന്നും ക്ഷണിക്കേണ്ടതാണ്. വയസ്സ് തെളിയിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ദിനപത്രങ്ങൾ, ആകാശവാണി എന്നിവയിലൂടെ പരസ്യം നൽകേണ്ടതാണ്.
- ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രധാനപ്പെട്ട ദിനപത്രങ്ങൾ, ആകാശവാണി എന്നിവയിലൂടെ പരസ്യം നൽകേണ്ടതാണ്.

- കിസാൻ കൃഷിദീപം- IITTMIK, ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ നൂറുമേനി, ഞാറ്റുവേല, കാർഷിക വാർത്തകൾ എന്നീ പരിപാടികളിലൂടെയും കുട്ടനാട് എഫ്എം, സാമൂഹ മാധ്യമങ്ങൾ എന്നിവ വഴിയും അവാർഡിനെപ്പറ്റി പരസ്യം നൽകേണ്ടതാണ്.
- ജില്ലാതലത്തിൽ അവാർഡ് നിർണ്ണയിക്കുന്നതിനായി ഒരു ജില്ലാതല അവാർഡ് കമ്മിറ്റി മാത്രമേ ഉണ്ടായിരിക്കുകയുള്ളു.
- പ്രധാനമായും അവാർഡ് വർഷത്തെ വ്യക്തികളുടെയും, സമിതികളുടെയും കാർഷിക പ്രവർത്തനങ്ങൾ ആണ് വിലയിരുത്തേണ്ടത്.
- അസിസ്റ്റന്റ് ഡയറക്ടർമാർ സ്ഥലപരിശോധന നടത്തിയതിനുശേഷം പരിശോധന നടന്ന തീയതി, കമ്മിറ്റിയിലുണ്ടായിരുന്ന അംഗങ്ങളുടെ വിശദ വിവരങ്ങൾ, ജില്ലാതല കമ്മിറ്റിയുടെ റിപ്പോർട്ട് ശുപാർശ എന്നിവ അപേക്ഷയോടൊപ്പം ജില്ലാ കൃഷി ഓഫീസർക്കു സമർപ്പിക്കേണ്ടതാണ്.
- ബ്ലോക്കുതല കമ്മിറ്റിയുടെ ശുപാർശ ഇല്ലാത്ത അപേക്ഷകൾ ജില്ലാതല കമ്മിറ്റി സ്വീകരിക്കുന്നതല്ല.
- സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം നടത്തിയ ക്രോപ്പ് കട്ടിംഗ് സർവ്വേ റിപ്പോർട്ടിന്റെ റിസൾട്ട്(കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയതും ജില്ലാ കൃഷി ഓഫീസർ മേലൊപ്പുവച്ചതും) എല്ലാ നെൽകതിർ അവാർഡ് അപേക്ഷയോടുമൊപ്പം സമർപ്പിക്കേണ്ടതാണ്.
- വിവിധ അവാർഡുകൾക്ക് ഏറ്റവും മികച്ച കർഷകരെ കണ്ടെത്തുന്നതിന് ആത്മ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
- കർഷകരിൽനിന്നും അപേക്ഷ ലഭിക്കാതെ തന്നെ ജില്ലയിലെ മികച്ച കർഷകരെ കണ്ടെത്തി നോമിനേറ്റ് ചെയ്യാവുന്നതാണ്.
- കിട്ടുന്ന എല്ലാ അപേക്ഷയിലും അപേക്ഷകന്റെ AIMS id എഴുതി വേണം കൃഷി ഓഫീസർ ജില്ലാ കമ്മിറ്റിക്ക് അപേക്ഷ കൈമാറുവാൻ. അതോടൊപ്പം അവാർഡിന് അപേക്ഷിക്കുന്ന കർഷകൻ കതിർ പോർട്ടലിലും രജിസ്റ്റർ ചെയ്തിരിക്കണം.
- ഈ വിവരങ്ങൾ എല്ലാ കൃഷി ഭവനുകളിലും അയച്ചു കൊടുക്കേണ്ടതാണ്
- എല്ലാ ഉദ്യോഗസ്ഥന്മാർക്കും ആവശ്യമായ അപേക്ഷകൾ ശേഖരിക്കാൻ വേണ്ട നിർദ്ദേശം നൽകേണ്ടതാണ്
- അതാതു ഓഫീസുകൾ അവാർഡിനായി ലഭിക്കുന്ന അപേക്ഷകൾ സമയം, തീയതി രേഖപ്പെടുത്തി, കാറ്റഗറി തിരിച്ച രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. ബ്ലോക്കുതലത്തിൽ ഒരു കാറ്റഗറിയിൽ ഏറ്റവും മികച്ച ഒരു അപേക്ഷ മാത്രം ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ജില്ലാ കൃഷി ഓഫീസർ വിവിധ ബ്ലോക്കുകളിൽ നിന്നും ലഭിച്ച അപേക്ഷകൾ വിലയിരുത്തുന്ന ജില്ലാ ടീമിന് നൽകേണ്ടതാണ്.
- ജില്ലാതല ടീമുകൾക്ക് ഉള്ള യാത്ര സൗകര്യവും, താമസ സൗകര്യവും ജില്ലാ കൃഷി ഓഫീസർമാർ സജ്ജീകരിക്കേണ്ടതാണ്. സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റിയെ സഹായിക്കുന്നതിലേയ്ക്കായി സബ് കമ്മിറ്റികൾ പ്രവർത്തിക്കുന്നതാണ്.

- ഫാം ഇൻഫർമേഷൻ ബ്യൂറോ നല്കി വരുന്ന മാധ്യമ മേഖലയിലുള്ള അവാർഡുകൾക്ക് പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ കമ്മിറ്റി രൂപീകരിക്കേണ്ടതും ആയത് കൃഷി ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.
- ഉദ്യോഗസ്ഥർക്കുള്ള അവാർഡ് നിർണ്ണയിക്കുന്നതിന് ഒരു സബ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്. ഓരോ സബ് കമ്മിറ്റിയിലെയും അംഗങ്ങളെ സംസ്ഥാനതല അവാർഡ് കമ്മിറ്റി / കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ നോമിനേറ്റ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ടി വി ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 08-07-2026 12:03:02
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ-ക്ക്